പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.281 27.02.2017- ൽ മറുപടിയ്ക്ക്

## മസ്തിഷ്കമരണം സംഭവിച്ചവരുടെ എണ്ണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എൻ.ഷംസീർ : | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി ) |
| (എ) കേരളത്തിൽ കഴിഞ്ഞ 3 വർഷമായി എത്ര പേർക്ക് മസ്തിഷ്ക മരണം സംഭവിച്ചിട്ടുണ്ടെന്നും ഇതിൽ എത്രപേരുടെ അവയവം ദാനം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) കേരളത്തിൽ കഴിഞ്ഞ 3 വർഷമായി എത്ര പേർക്കു മസ്തിഷ്ക മരണം സംഭവിച്ചു എന്നതിന്റെ കണക്കുകൾ ലഭ്യമല്ല. നിലവിൽ അവയവദാനവുമായി ബന്ധപ്പെട്ടു മാത്രമേ മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നുള്ളൂ കേരളത്തിൽ ആകെ 254 പേർ മസ്തിഷ്ക മരണാനന്തരം അവയവദാനം ചെയ്തിട്ടുണ്ട്. |
| (ബി) കേരളത്തിൽ മസ്തിഷ്ക മരണം സംഭവിച്ചവരിൽ നിന്ന് എത്രപേർ അവയവം സ്വീകരിച്ചിട്ടുണ്ട്; ജില്ല തിരിച്ച് എണ്ണം ലഭ്യമാക്കുമോ; | (ബി) കേരളത്തിൽ മസ്തിഷ്ക മരണം സംഭവിച്ചവരിൽ 2012 ആഗസ്റ്റ് മുതൽ 2017 ഫെബ്രുവരി വരെ 692 പേർ മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതിയിലൂടെ അവയവം സ്വീകരിച്ചിട്ടുണ്ട്.<br>1) സൗത്ത് സോൺ - 165 (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ)<br>2) നോർത്ത് സോൺ - 132 (പാലക്കാട്, വയനാട്, കോഴിക്കോട്, കാസർഗോഡ്, മലപ്പുറം, കണ്ണൂർ)<br>3) സെൻട്രൽ സോൺ - 380 (എറണാകുളം, കോട്ടയം, തൃശ്ശൂർ, ഇടുക്കി)<br>കേരളത്തിന് പുറത്തേക്കു അലോക്കേറ്റു ചെയ്ത അവയവങ്ങൾ 14. |
| (സി) കേരളത്തിൽ മസ്തിഷ്ക മരണം സംഭവിച്ചവരിൽ നിന്ന് അവയവം സ്വീകരിച്ചവരിൽ എത്രപേർ ബി.പി.എൽ. കുടുംബാംഗങ്ങളാണെന്ന് വ്യക്തമാക്കാമോ? | (സി) മസ്തിഷ്ക മരണാനന്തര അവയവദാനം വഴി അവയവം സ്വീകരിച്ച സ്വീകർത്താക്കളുടെ വരുമാനം തിരിച്ചുള്ള കണക്കു ലഭ്യമല്ല. അവയവം നൽകുന്നത് KNOS (കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിംഗ്) - ൽ പേർ രജിസ്റ്റർ ചെയ്യുന്ന മുൻഗണന ക്രമത്തിലും രക്ത ഗ്രൂപ്പ് അനുസരിച്ചുമാണ്. |

സെക്ഷൻ ഓഫീസർ